**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4846** **11-08-2021 - ൽ മറുപടിയ്ക്ക്**

**സൈബർ കുറ്റകൃത്യങ്ങൾ തടയാനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ,<br>ശ്രീ ഐ ബി സതീഷ്** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | സാമൂഹ്യമാധ്യമങ്ങൾ വ്യാപകമായതിനെ തുടർന്ന് ഇത്തരം മാധ്യമങ്ങളിലൂടെ സ്ത്രീകളെ അപകീർത്തിപ്പെടുത്തുന്നതും കുട്ടികളെ കെണിയിൽപ്പെടുത്തി വഴിതെറ്റിക്കുന്നതുമായ സംഭവങ്ങൾ വർദ്ധിച്ചുവരുന്നതിനാൽ ഇത് സംബന്ധിച്ച പരാതികൾ ഫലപ്രദമായി കൈകാര്യം ചെയ്യാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; | (എ) | സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ കൂടി വരുന്ന പശ്ചാത്തലത്തിൽ, അവ കൈകാര്യം ചെയ്യുന്നതിനും കുറ്റാന്വേഷണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി, 19 സൈബർ പോലീസ് സ്റ്റേഷനുകൾ, 3 സൈബർ ഡോമുകൾ, ഹൈ-ടെക് സൈബർ ക്രൈം എൻക്വയറി സെൽ എന്നിവ സംയോജിപ്പിച്ച് Cyber Crime Investigation Division (CCID) ആരംഭിക്കുന്നതാണ്. കൂടാതെ Technical Support നൽകുന്നതിന് Cyber Operations & Security Division (COSD) ആരംഭിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചു വരികയാണ്. വിവിധ പോലീസ് പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിനുള്ള \| ഉപകരണങ്ങൾ വികസിപ്പിക്കുന്നതിന് കൃത്രിമബുദ്ധി സാങ്കേതിക വിദ്യക്ക് നിർണ്ണായക പങ്കുണ്ട്. Data-കൾ, ഫോട്ടോഗ്രാഫുകൾ, CCTV Footage- കൾ, കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട രേഖകൾ, തെളിവ് ഫയലുകൾ തുടങ്ങിയവയുടെ അതിവേഗ വിശകലനത്തിന് ഈ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി വരുന്നു. ഡ്രോൺ ഫോറൻസിക് & റിസർച്ച് സെൻറർ ഡ്രോൺ സാങ്കേതിക വിദ്യയും അതിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റത്തെയു കുറിച്ച് പഠിക്കുക എന്ന ലക്ഷ്യത്തോടെ ഒരു ഡ്രോൺ ഫോറൻസിക് & റിസർച്ച് സെൻറർ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. Unmanned Arial Vehicles (UAVs) അല്ലെങ്കിൽ ഡ്രോണുകളുമായി ബന്ധപ്പെട്ട എല്ലാ ഉപകരണങ്ങളും സാങ്കേതികമായും ശാസ്ത്രീയമായും പരിശോധിക്കുന്ന ഇടമാക്കി മാറ്റുവാൻ |

| | | | |
|---|---|---|---|
| | | | ഇഉവഴി സാധിക്കും. ഡ്രോണുകളുടെ ദുരുപയോഗം കണക്കിലെടുത്ത്, അവയുടെ സഞ്ചാരപഥവും മറ്റു വിവരങ്ങളും ശാസ്ത്രീയമായി പരിശോധിക്കുന്നതിന് സഹായിക്കുന്ന ഡ്രോൺ ഫോറൻസിക് ലാബ് ആരംഭിക്കും. ഡാർക്ക് നെറ്റ് മോണിറ്ററിങ് ടൂൾ, ഡാർക്ക് നെറ്റ് വഴി മയക്കുമരുന്ന് കടത്ത്, ഭീകരവാദ പ്രവർത്തനങ്ങൾ, ചൈൽഡ് പോണോഗ്രാഫി, റാൻസാംവെയർ/ മാൽവെയർ അറ്റാക്ക് തുടങ്ങിയ നിയമ വിരുദ്ധ പ്രവർത്തനങ്ങളും തടയേണ്ടത് അനിവാര്യമാണ്. റിസേർച്ച് & അനാലിസിസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ഡാർക്ക് നെറ്റ് അനാലിസിസിനു വേണ്ടി ഒരു basic ടൂൾ ഡെവലപ്പ് ചെയ്തിട്ടുണ്ട്. നിലവിലുള്ള ഫീച്ചറുകൾക്ക് പുറമെ ഈ ടൂളിനോട് കൂടി കൂടുതൽ ഫീച്ചർ ഉൾപ്പെടുത്തിയുള്ള ടൂൾ Development, 'Hac-KP 2021'-ന്റെ ഭാഗമായി നടന്നു വരുന്നു. വിക്ടിം ഐഡൻറിഫിക്കേഷൻ സിസ്റ്റം സാമൂഹ്യ മാധ്യമങ്ങൾ, ഡാർക്ക്നെറ്റ് തുടങ്ങിയ പ്ലാറ്റഫോമുകളിൽ കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ പ്രചരിപ്പിക്കുന്നതിനെ തുടർന്ന് നടത്തിയ അന്വേഷണങ്ങളിൽ പ്രാദേശിക കുട്ടികളുടെ ചിത്രങ്ങളും ഇത്തരത്തിൽ പ്രചരിക്കുന്നതായി കേരള പോലീസ് CCSE (Counter Child Sexual Exploitation) കണ്ടെത്തിയിരുന്നു. ഇത്തരത്തിൽ ലഭിക്കുന്ന അന്വേഷണങ്ങളിലൂടെ ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ രക്ഷിതാക്കളെ വിവരങ്ങൾ പറഞ്ഞു മനസിലാക്കുകയും കുട്ടികളെ വിദഗ്ധ കാൺസലിങ്ങിനായി നിർദ്ദേശിക്കുകയും ചെയ്തുവരുന്നു. കൂടാതെ അന്താരാഷ്ട്ര സംഘടനകളുടെ സഹായ ത്തോടെ ഇന്റർനെറ്റിൽ നിന്നും ഇത്തരം കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ നീക്കം ചെയ്യാനും CCSE (Counter Child Sexual Exploitation) യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതിനാൽ എല്ലാ ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷൻ സ്ഥാപിച്ചിട്ടുണ്ടോ; ഇവയുടെ പ്രവർത്തന രീതി അറിയിക്കാമോ; | (ബി) | സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് 19 പോലീസ് ജില്ലകളിലും (കണ്ണൂർ റൂറൽ ഒഴികെ) സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. സൈബർ പോലീസ് സ്റ്റേഷനുകൾ അതാത് ജില്ലാ പോലീസ് മേധാവിമാരുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്നു. |
| (സി) | നിരവധി ആപ്പുകൾ സ്വകാര്യതയിലേക്ക് കടന്നുകയറ്റം നടത്തുന്നവയും വിവരചോർച്ച നടത്തുന്നവയും ആയതിനാൽ ഇതേക്കുറിച്ച് അവബോധം വളർത്താൻ പരിപാടിയുണ്ടോ; | (സി) | വിവിധ ആപ്പുകളെപ്പറ്റിയും ഓൺ ലൈൻ ചതിക്കുഴികളെപറ്റിയും പോലീസിന്റെ സൈബർ വിഭാഗം മുഖേനയും, ഹൈടെക് സെൽ, സൈബർ ഡോമുകൾ, പോലീസിന്റെ സോഷ്യൽ മീഡിയ വിഭാഗം തുടങ്ങിയവയിലൂടെയും നിരന്തരം ബോധവൽക്കരണം നടത്തി- വരുന്നുണ്ട്. |
| | | | |

| | | | |
|---|---|---|---|
| (ഡി) | ഡാർക്ക് വെബിലൂടെയുള്ള അധോലോക പ്രവർത്തനം തടയാൻ ശ്രമം നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | കേരള സംസ്ഥാനവുമായി ബന്ധപ്പെട്ട് ഡാർക്ക് വെബിൽ അധോലോക പ്രവർത്തനം നടക്കുന്നതായി നിലവിൽ പരാതികളോ അറിവോ ലഭിച്ചിട്ടില്ല. ഡാർക്ക് വെബ് നിരീക്ഷിക്കാൻ പോലീസിന്റെ സൈബർ ഡോമിനെ ചുമതലപ്പെടുത്തിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ